# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-(പി.കെഡി) പി 19/1493/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-(പി.കെഡി) പി 19/1493/23 തീയ്യതി: 07/11/2023

## പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-08-2022 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 14-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-09-2023 | 14-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി.കെ.ആർ..രമാദേവി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.എസ്.ശബ്നാദാസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ശ്രീ.കെ.എസ്.സക്കീർഹുസൈൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അനുപമ.എ | സെക്രട്ടറി | 01-04-2022 | 04-01-2023 |
| | | 17-01-2023 | 31-03-2023 |
| ശ്രീ.എസ്.മേഹേഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2023 | 16-01-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബഷീർ അഹമ്മദ്.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സതി.കെ.ബി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 26-07-2022 |
| | | 22-08-2022 | 27-09-2022 |
| ഡോ.സിജി.എസ്.രാജ് | വെറ്ററിനറി സർജ്ജൻ | 27-07-2022 | 21-08-2022 |
| ഡോ.സോമ.ടി.ജി | വെറ്ററിനറി സർജ്ജൻ | 28-09-2022 | 16-02-2023 |
| ഡോ.ഷാലിമ ഷുക്കൂർ.എ | വെറ്ററിനറി സർജ്ജൻ | 17-02-2023 | 31-03-2023 |
| ഡോ.സുഭാഷ് സുബിൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഷഹ്ന.എസ്.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷിജി.ഡി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രമീള.പി | ICDS സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.ഹിസാന.സി | ICDS സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീ.സുദർശനൻ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശരണ്യ.ടി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 30-09-2022 |
| ശ്രീ.കൃഷ്ണനുണ്ണി.കെ.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-10-2022 | 20-10-2022 |
| ശ്രീ.ഷാജി.യു.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 21-10-2022 | 31-03-2023 |
| ശ്രീമതി.കലാമണി.ടി | എച്ച്.എം, GLPS | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി.എം.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വിവിധ പത്രികകൾ ലഭ്യമാക്കിയില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല | 1-1-2 |
| 4 | ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആംബുലൻസ് വാടക ഹെഡ് മാറി പോസ്റ്റ് ചെയ്തു | 1-1-4 |
| 6 | സിനിമാറ്റോഗ്രഫി ലൈസൻസ് ഫീ ഹെഡ് മാറി പോസ്റ്റ് ചെയ്തു | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 18 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-12 |
| 19 | സഞ്ചയ ഡാറ്റയിൽ അപാകങ്ങൾ നിലനിൽക്കുന്നു | 1-12-1 |
| 20 | വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ് | 1-12-2 |
| 21 | അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നില്ല | 1-12-3 |
| 22 | അനധികൃത കെട്ടിടങ്ങ**ൾ** ക്രമവത്കരിക്കുവാനാവശ്യമായ നടപടിക**ൾ** സ്വീകരിക്കേണ്ടതാണ് | 1-12-4 |
| 23 | സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് എന്നിവ ചുമത്തൽ | 1-12-5 |
| 24 | തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തൽ | 1-13 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13-1 |
| 26 | MSME സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13-2 |

| | | |
|---|---|---|
| 27 | വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 28 | നികുതിയേതര വരവുകൾ - അവലോകനം | 1-15 |
| 29 | ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം സൂക്ഷിച്ചിട്ടില്ല | 1-15-1 |
| 30 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-15-2 |
| 31 | കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസില്ലാതെ തിയേറ്ററുകൾ പ്രവർത്തിക്കുന്നു | 1-16 |
| 32 | ആംബുലൻസിന്റെ പരിപാലനം പഞ്ചായത്ത് ഫണ്ടിന് ബാധ്യത | 1-17 |
| 33 | ഊട്ടറ വാതക ശ്മശാനം - ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 35 | എസ് എസ് കെ - ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 37 | എ.ബി.സി പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 38 | കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ | 1-23 |
| 39 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 40 | ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയിൽ വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം | 1-26 |
| 42 | എസ്.സി വനിതകൾക്കുള്ള വാട്ടർ ടാങ്ക്-വിതരണം പൂർത്തിയായിട്ടില്ല | 1-27 |
| 43 | വൃദ്ധജനങ്ങൾക്കായി വാങ്ങിയ മുഴുവൻ കട്ടിലുകളും വിതരണം ചെയ്തിട്ടില്ല | 1-28 |
| 44 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 45 | വ്യക്തിഗത ശൗചാലയ നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-30 |
| 46 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-31 |
| 47 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-32 |
| 48 | ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ് | 1-33 |
| 49 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ | 1-34 |

| | | |
|---|---|---|
| | വിലയിരുത്തൽ | |
| 50 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല | 1-35 |
| 51 | ടേക് എ ബ്രേക്ക് - തുക വകയിരുത്തിയെങ്കിലും ശൗചാലയ നിർമ്മാണം പ്രാവർത്തികമായില്ല | 1-36 |
| 52 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-37 |
| 53 | MCF കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | 1-38 |
| 54 | ടാർ ബാരലുകളുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-39 |
| 55 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-40 |
| 56 | അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റിയില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കിന്റെ സംക്ഷിപ്ത പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15/30-6-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 07.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വിവിധ പത്രികകൾ ലഭ്യമാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

### 1-1-3 ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. Entertainment Tax Register
2. Profession Tax Register
3. Licence Register
4. Water Tax Register

### 1-1-4 ആംബുലൻസ് വാടക ഹെഡ് മാറി പോസ്റ്റ് ചെയ്തു

ആംബുലൻസ് വാടകയിനത്തിൽ ലഭിച്ച 102699 രൂപ വരവു വെച്ചിട്ടുള്ളത് Daily Rental From Local Body Properties-130400101 എന്ന ഹെഡിലാണ്. യഥാർത്ഥത്തിൽ വരവു വയ്ക്കേണ്ടിയിരുന്ന ഹെഡ് Ambulance Hire Charges-150400101 ആണ്.

### 1-1-5 സിനിമാറ്റോഗ്രഫി ലൈസൻസ് ഫീ ഹെഡ് മാറി പോസ്റ്റ് ചെയ്തു

സിനിമാട്ടോഗ്രഫി ലൈസൻസ് ഫീ പുതുക്കുന്നതിനായി ലഭ്യമായ 1000 രൂപ 431300101(Receivables For Licencence Fees For Factories, Traders, ... ) എന്ന ഹെഡിലാണ് വരവു വെച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ തുക വരവു വയ്ക്കേണ്ടിയിരുന്നത് 140110104 (Licence Fees Under Kerala Cinema Regulation Act) എന്ന ഹെഡിലാണ്.

### 1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 1575330/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15068783/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

18-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

22-03-2023 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5090249 |
| തൻവർഷം വരവ് | 177655099 |
| ആകെ വരവ് | 182745348 |
| ചെലവ് | 176937399 |
| നീക്കിയിരിപ്പ് | 5807949 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10615424 |
| വരവ് | 30051310 |
| ആകെ | 40666734 |
| ചെലവ് | 31626640 |
| നീക്കിയിരിപ്പ് | 9040094 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (*) | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 9995476 | 9995476 | 9995476 | 0 |
| വികസനഫണ്ട് -എസ്.സി.പി | 0 | 13064824 | 13064824 | 11306537 | 1758287 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12706000 | 12706000 | 5725514 | 6980486 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4570000 | 4570000 | 3514371 | 1055629 |
| CFC -അൺടൈഡ് ഗ്രാന്റ്-New (**) | 786986 | 2143146 | 2930132 | 1748268 | 1181864 |
| CFC -അൺടൈഡ് ഗ്രാന്റ്-Spillover | 0 | 0 | 0 | 0 | 0 |
| CFC -7535ടൈഡ് ഗ്രാന്റ്-New | 1836229 | 3042000 | 4878229 | 603686 | 4274543 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 3249000 | 3249000 | 3249000 | 0 |
| CFC-Health Grant-Converion Of | 0 | 111570 | 111570 | 79057 | 32513 |

| | | | | | |
|---|---|---|---|---|---|
| Rural PHCs | | | | | |
| CFC-Health Grant-Diagnostic Infrastruction To PHCs | 0 | 239640 | 239640 | 99801 | 139839 |

(*) I6 ലേയും B3 യിലേയും തുകകളുടെ ആകെ തുകയാണ് ചെലവായി എടുത്തിട്ടുള്ളത്.

(**) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 2028000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 115146 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 522761 | 1000662 | 1523423 | 784621 | 738802 |
| സമ്പൂർണ്ണ ശുചിത്വം | 1313452 | 0 | 1313452 | 168873 | 1144579 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1530 | 1949491 | 1951021 | 1363414 | 587607 |
| തൊഴിലാളികളുടെ വേതനം | 0 | 25586170 | 25586170 | 25586170 | 0 |
| ആകെ | 1530 | 27535661 | 27537191 | 26949584 | 587607 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 100000 | 1000000 | 1100000 | 1100000 | 0 |
| ശുചിത്വ മിഷൻ | 0 | 698949 | 698949 | 0 | 698949 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 130587299 | 118 | 50065519 | - | 49 | 71 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 15518875 | 7872955 | 51 |
| വെറ്ററിനറി സർജ്ജൻ | 11 | 6 | 2924700 | 845602 | 29 |
| മെഡിക്കൽ ഓഫീസർ-FHC | 10 | 9 | 1762583 | 1037778 | 59 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 860000 | 859561 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4806400 | 2984100 | 62 |
| വി.ഇ.ഒ -1 | 9 | 9 | 54270347 | 8353330 | 15 |
| HM | 4 | 4 | 329000 | 329000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 635000 | 635000 | 100 |
| സെക്രട്ടറി | 44 | 38 | 14777790 | 11819397 | 80 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 64 | 30 | 32289704 | 13969699 | 43 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 2412900 | 1359097 | 56 |
| ആകെ | 167 | 118 | 130587299 | 50065519 | 38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

### എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1530 | 1949491 | 1951021 | 1363414 | 587607 |
| തൊഴിലാളികളുടെ വേതനം | 0 | 25586170 | 25586170 | 25586170 | 0 |
| ആകെ | 1530 | 27535661 | 27537191 | 26949584 | 587607 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3324600 | 302 |
| 3 | വിധവാ പെൻഷൻ | 9461300 | 900 |
| 4 | വാർദ്ധക്യകാല പെൻഷൻ | 14642400 | 1526 |
| 5 | വികലാംഗ പെൻഷൻ | 2190800 | 202 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 597800 | 52 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-9-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 5394 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ തൻവർഷം ഉണ്ടായിട്ടില്ലെന്ന് ബജറ്റ്, മിനിറ്റ്സുകൾ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.
വിവിധ ഡിമാന്റ് രജിസ്റ്ററുകളിലെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പാക്കിയിട്ടില്ല.
വരവ് തുകകൾ കൃത്യമായ ഹെഡുകളിൽ ഒടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടും ആയത് പരിഹരിക്കാതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.
ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ജനുവരി 2016 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 11-1-23 ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളെല്ലാം വിവിധ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. ഏത് വിഷയവും സൂക്ഷ്മമായും വിശദമായും ആദ്യം പരിശോധന നടത്തേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങളാണ് ഭരണസമിതി അംഗീകരിക്കേണ്ടത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയി പ്രവർത്തിക്കേണ്ടത്. സെക്ഷൻ 162എ പ്രകാരം അക്കൗണ്ടുകൾ, ബജറ്റ്, നികുതി, നികുതിയിന്മേലുള്ള അപ്പീൽ, പൊതുഭരണം, ഓഡിറ്റ്, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നീ വിഷയങ്ങളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകൾ എത്രത്തോളം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ട്. മിനിട്സ് പരിശോധിച്ചതിൽ ഓരോ മാസത്തെയും വരവ്, ചെലവ് കണക്കുകൾ അംഗീകരിക്കൽ, പൊളിച്ച് മാറ്റിയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവ് നൽകുക എന്നീ തീരുമാനങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളതെന്ന് കണ്ടു.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതി നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് ഗ്രമപഞ്ചായത്തിന് വർഷങ്ങളായി ലഭിച്ച് വരുന്നത്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| | എ) നികുതി | | | |
| 1 | വസ്തു നികുതി | 19,04,345 | 25,00,000 | 26,00,000 |
| 2 | തൊഴിൽ നികുതി | 9,64,300 | 10,00,000 | 12,00,000 |
| 3 | വിനോദ നികുതി | 2,000 | 25,000 | 2,00,000 |
| | ബി) നികുതിയേതരം | | | |
| 4 | കെട്ടിടങ്ങൾ, സ്ഥലങ്ങൾ - വാടക | 7,630 | 8,000 | 1,00,000 |
| 5 | ഓഡിറ്റോറിയം & ഹാൾ - വാടക | 1,19,000 | 6,00,000 | 5,00,000 |
| 6 | രജിസ്ട്രേഷൻ ഫീസ് | 12,100 | 15,000 | 15,000 |
| 7 | ലൈസൻസ് ഫീസ് | 1,32,275 | 1,75,000 | 1,50,000 |
| 8 | പെർമിറ്റ് ഫീസ് | 1,06,749 | 1,50,000 | 1,50,000 |
| 9 | സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീസ് | 3,248 | 5,000 | 5,000 |
| 10 | ഫൈൻ | 2,26,434 | 2,00,000 | 2,00,000 |
| 11 | മറ്റ് ഫീസുകൾ | 17,287 | 20,000 | 25,000 |
| 12 | യൂസർ ചാർജ്ജസ് | 3,00,900 | 3,00,000 | 1,00,000 |
| 13 | സർവ്വീസ് ചാർജ്ജ് | 2,30,297 | 25,000 | 30,000 |
| 14 | ഉൽപ്പന്നങ്ങൾ/വസ്തുക്കൾ /ഫാറങ്ങൾ എന്നിവയുടെ വിൽപ്പന | 2,21,777 | 3,20,000 | 1,55,000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്നു വന്നിട്ടില്ല. ബജറ്റിൽ മൂന്ന് വർഷങ്ങളിൽ ഒരേ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

<u>ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം</u>

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങൾ ഓരോ വർഷവും ആവിഷ്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്തിട്ടില്ല. 2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ്(₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ് (₹) |
|---|---|---|
| വസ്തു നികുതി | 26,00,00 | 26,10,077 |
| തൊഴിൽ നികുതി | 12,00,000 | 8,30,530 |
| വിനോദ നികുതി | 2,00,000 | 2,49,371 |
| നികുതിയേതര വരവുകൾ | 15,40,000 | 14,89,740 |

തൊഴിൽ നികുതിയിലെയും നികുതിയേതര വരവുകളിലെയും പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. വസ്തു നികുതിയിലും വിനോദ നികുതിയിലും വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്.
യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

2023 ലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

മേൽ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് 27/05/2023 തീയതിയിലെ എസ്സി4/2384/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ 5% അടിസ്ഥാന നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും നിരക്കുകൾ പുതുക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടില്ല.

അവലോകന യോഗങ്ങൾ

ആറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മുന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 02/7-9-2023 മുഖേന വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

1-12 വസ്തു നികുതി പരിഷ്കരണം-അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ

ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 26,10,077 |
| സഞ്ചയ DCB പ്രകാരം വരവ് | 26,09,577 |

2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

2023 ലെ വസ്തുനികുതി പരിഷ്കര ണം - നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 15 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തു ന്നതിന് | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |

| | |
|---|---|
| 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | ഇന്റർവ്യൂ നടത്തി ഒമ്പത് പേരെ നിയമിക്കുവാൻ തീരുമാനിച്ചെങ്കിലും ആറുപേർ മാത്രം ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടി കളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 19/06/2023 തീയതിയിലെ എസ്.സി.2-2142/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 01/08/2023 തീയതിയിലെ എസ്.സി.2-2142/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം അന്തിമമാക്കി പുറപ്പെടുവിച്ചിട്ടുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല. |

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരം 21 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ ഡാറ്റ പ്രകാരം 19 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്.

കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇല്ല.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

→വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടു ത്തേണ്ടതാണ്.

→ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

→അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.

→ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.03 & 04/7-9-2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

1-12-1 സഞ്ചയ ഡാറ്റയിൽ അപാകങ്ങൾ നിലനിൽക്കുന്നു

എ) വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം തെറ്റായ നികുതി നിർണ്ണയമോ നഷ്ടമോ ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/321 | 12 |
| 2 | 1/322 | 12 |
| 3 | 1/342 | 9 |
| 4 | 6/94 | 15 |
| 5 | 8/333 | 80 |
| 6 | 11/344 | 10 |
| 7 | 12/506 | 12 |
| 8 | 12/517 | 20 |

ബി) വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം തെറ്റായ നികുതി നിർണ്ണയമോ നഷ്ടമോ ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/310 | 106 |
| 2 | 3/114 | 160 |
| 3 | 12/27 | 144 |
| 4 | 12/48 | 120 |

അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12-2 വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ്

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|---|---|
| 2/491 | കാർത്തികദാസ്, പിലാപ്പുള്ളി, വടവന്നൂർ. | 7.65 | 7.65x60=459<br>ഇളവ്<br>മേഖല-10%=45.9<br>മേൽക്കൂര-10%=45.9<br>BT=387<br>LC=20<br>Total=407 | 7.65x40=306<br>ഇളവ്<br>മേഖല-10%=30.6<br>മേൽക്കൂര-10%=30.6<br>BT=245<br>LC=12<br>Total=257 |
| 4/180 | ജയരാമൻ, മഠത്തിൽ ഹൗസ്, പൊക്കുന്നി, വടവന്നൂർ. | 13 | 13x60=780<br>ഇളവ്<br>മേഖല-10%=78<br>മേൽക്കൂര-10%=78<br>കാലപ്പഴക്കം-50%=390<br>BT=234<br>LC=12<br>Total=246 | BT=30<br>LC=2<br>Total=32<br>[സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തീയതി 27-4-2015] |

സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തീയതി 27-4-2015 പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിങ്ങളുടെ വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ നികുതി വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാതെ നികുതി നിർണ്ണയിക്കേണ്ടതാണ്. പുതിയ നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്.

മേൽ കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തേണ്ടതും അതിന് ബാധകമായ വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-12-3 അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നില്ല

അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം 2022-23 വർഷം വരെ 21 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. 19 കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. സഞ്ചയയിൽ ഉൾപ്പെടുത്താത്ത അനധികൃത കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | യു.എ നമ്പർ | തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | കേരള കലാകേന്ദ്ര | UA 7/5 | 15 |
| 2 | പുലരി യുവ സംഗമം | UA 5/1 | 10 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുകയോ 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-12-4 അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ച് കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം 2022-23 വർഷം വരെ 21 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. അവ ക്രമവത്ക്കരിക്കാതെ തുടരുകയാണ്.

അനധികൃത കെട്ടിടങ്ങൾക്കെതിരെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അധ്യായം XX ലെ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-5 സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് എന്നിവ ചുമത്തൽ

എ) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും

ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവു വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/ 2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ റവന്യൂ വരവും ജി.പി.ജി വരവും ചേർന്നുള്ള ആകെ വരവ് 13752718 (5179718 + 8573000) രൂപയും റവന്യൂ ചെലവ് 12947109 രൂപയുമാണ്. തുച്ഛമായ തുക മാത്രമാണ് മിച്ചം വെക്കുവാൻ സാധിക്കുന്നത്. പൊതു ടാപ്പുകളുടെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി മെയിന്റനൻസ് ഗ്രാന്റിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

സാമ്പത്തിക സ്ഥിതി ആശാവഹമല്ലെങ്കിലും വടവന്നൂർ ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, തെരുവു വിളക്കുകൾ കത്തിക്കുക എന്നീ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുവാൻ പ്രയാസം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതിയുടെ സാധ്യത പ്രയോജന പ്പെടുത്താവുന്നതാണ്. സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. വടവന്നൂർ ഗ്രാമപഞ്ചായത്തിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്തിയിട്ടില്ല.

## 1-13 തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തൽ

തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത്

പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 56 സ്ഥാപനകളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി - 7,11,110രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 1,19,420രൂപ

ആകെ - 8,30,530 രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

*എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.*

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി)

ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. 2022-23 വർഷത്തിൽ MSME രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax) – നിശ്ചിത തുക ഈടാക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008 /തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ

സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളില ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

II. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണയതില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

നിലവിലുള്ള പ്രായോഗിക പ്രശ്നങ്ങൾ തൊഴിൽ നികുതിയുടെ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണെന്ന് വിലയിരുത്തുന്നു.

എച്ച് ) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നത്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/11-9-2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

## 1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം. | പേര് | തസ്തിക | സ്ഥാപനം | ഈടാക്കിയ നികുതി | |
|---|---|---|---|---|---|
| | | | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | എം.സോഹൻ കുമാർ | പി.ഇ.ടി | വി.എം. എച്ച്.എസ് വടവന്നൂർ | 1250 | - |
| 2 | റിഷ ഗോപാൽ | എച്ച്.എസ്. എസ്.ടി | വി.എം.എച്ച്. എസ്.എസ്, വടവന്നൂർ | 1250 | - |
| 3 | ഷാജി.കെ | വി.ഇ.ഒ ഗ്രേഡ് I | റൂറൽ ഡവലപ്പ്മെന്റ് | 1250 | - |
| 4 | മീനാക്ഷി.എസ് | സീനിയർ ഹെഡ് മെസ്സെഞ്ചർ | എസ്.ബി.ഐ, വടവന്നൂർ | 1250 | - |
| 5 | ടിനോ.പി.വി | സീനിയർ സൂപ്രണ്ട് | കെ.എസ്.ഇ.ബി, വടവന്നൂർ | 1250 | - |
| 6 | ഉണ്ണികൃഷ്ണൻ.സി | സബ് എഞ്ചിനീയർ | ” | 1250 | - |
| 7 | സുഭാഷ്.ബി | സീനിയർ അസിസ്റ്റന്റ് | ” | 1250 | - |
| 8 | പൊന്നുക്കുട്ടൻ.കെ | ഓവർസിയർ | ” | 1250 | - |
| 9 | ദീപു.ഇ | | ” | 1250 | - |
| 10 | ആറുമുഖൻ.കെ | ലൈൻമാൻ I | ” | 1250 | - |
| 11 | ആറുമുഖൻ.കെ | ” | ” | 1250 | - |
| 12 | രാജേഷ്.എം | ” | ” | 1250 | - |
| 13 | ആദിശങ്കരൻ.എ | ലൈൻമാൻ II | ” | 1250 | - |
| 14 | രഘുണൻ.ആർ | ” | ” | 1250 | - |
| 15 | രതീഷ്.സി | ” | ” | 1250 | - |
| 16 | സുനിൽകുമാർ.ജി | ” | ” | 1250 | - |
| 17 | മുഹമ്മദ് അൻഷാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | എം.ജി.എൻ. ആർ.ഇ.ജി.എ | 1250 | - |
| 18 | മണികണ്ഠൻ.ബി | അസിസ്റ്റന്റ് സെയിൽസ്മാൻ | മാവേലി സ്റ്റോർ | 1250 | - |

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വ്യക്തികൾ പഞ്ചായത്ത് പ്രദേശത്ത് രണ്ടാം അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് ചട്ടപ്രകാരം ഉറപ്പാക്കി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-2 MSME സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 വർഷത്തെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ള MSME കളുടെ ഡാറ്റ തൊഴിൽ നികുതി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ MSME കളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ക്ലാസ്റ്റി വിൻഡോസ് & ഡോർസ്, മന്ദംപുള്ളി | 5 |
| 2 | ബാക്ക് ബെഞ്ചേസ് ഡയറീസ്, കിണറ്റേരിപാടം | 5 |
| 3 | എസ്.എസ് പേപ്പർ പ്രൊഡക്ട് യൂണിറ്റ്, വടവന്നൂർ | 3 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. എല്ലാ MSME സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-14 വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഗൗരി മൂവീസ് സ്ക്രീൻ I, ഗൗരി മൂവീസ് സ്ക്രീൻ IIഎന്നീ തിയേറ്ററുകളാണ് നിലവിലുള്ളത്.

2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ 2,49,371 രൂപയാണ് വിനോദ നികുതി ഇനത്തിലെ വരവ്. വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്.

1. തിയറ്റർ ഉടമകൾ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണത്തിന്റെ കണക്ക്.

2. ത്രൈമാസ ജി.എസ്.ടി റിട്ടേൺ 3B

എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും ദിവസങ്ങൾ വൈകിയാണ് നികുതി ഒടുക്കുന്നതെന്ന് ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.
നിലവിൽ തിയറ്റർ ഉടമകൾ ജി.എസ്.ടി റിട്ടേൺ ഫയൽചെയ്യുന്നത് മൂന്ന് മാസം കൂടുമ്പോൾ ആയതിനാൽ

ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ച് വിനോദ നികുതി ഈടാക്കുന്നത് പ്രായോഗികമല്ലാത്ത സ്ഥിതിയാണുള്ളത്.

ഓരോ മാസവും എത്ര ടിക്കറ്റാണ് നൽകിയതെന്നും ആയതിന്റെ വിനോദ നികുതിയായി എത്ര തുക ഈടാക്കിയെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ദിനംപ്രതിയുള്ള ടിക്കറ്റിന്റെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.

നിലവിൽ നികുതികൾ ഉൾപ്പെടെ 110 രൂപയാണ് തിയറ്ററുകൾ ഈടാക്കുന്നത്. അടിസ്ഥാന നിരക്ക് 100 രൂപയിൽ താഴെയായതിനാൽ (88.78 രൂപ) 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിനോദ നികുതി തിയറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓരോ ദിവസത്തേയും ടിക്കറ്റുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കി പ്രതിമാസം മൂന്നാം തിയതിക്കകം വിനോദ നികുതി ഈടാക്കേണ്ടതാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/11-9-23 ന് മറുപടി ലഭ്യമായില്ല)

1-15 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായവ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യു പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) വാടക

*കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾ, 2005

ഗ്രാമപഞ്ചായത്തിൽ ഒരു ഓഡിറ്റോറിയവും 3 ബസ് വെയ്റ്റിംഗ് ഷെഡുകളിലെ കടമുറികളുമാണ് വാടകയ്ക്ക് നൽകുന്നത്. ഇവയിൽ നിന്നും യഥാക്രമം 5,27,500 രൂപ, 30,245രൂപ തൻവർഷം വരവുണ്ട്.

വാർഷിക ധനകാര്യപത്രിക പ്രകാരം ബസ് വെയ്റ്റിംഗ് ഷെഡ്ഡുകളിൽ നിന്നും 48,325 രൂപയാണ് വരവിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 18,080 രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കടമുറികളുടെ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

എ) കുടിശ്ശിക ഈടാക്കൽ

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടകയിനത്തിൽ 93,703 രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ വാടക കുടിശ്ശികയുടെ വിവരം ചേർത്തിട്ടില്ല.

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

വാടക പിരിവ് - ഓഡിറ്റ് നിർദ്ദേശം

. ബൈലോ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

. കുടിശ്ശിക ഈടാക്കേണ്ടതാണ്.

2) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234

. *1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക*

*പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ*

2022-23 വർഷത്തിൽ 249 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 1,39,700 രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 249 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് , 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019* പുറപ്പെടുവിച്ചിട്ടുണ്ട്. *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020* ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം (Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള

അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ ഇന്റേൺ ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 19 വ്യവസായങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ 7 MSME കളുടെ വിവരം മാത്രമാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

- കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഇ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്.
ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എഫ്) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 771 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 249 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ജി) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

എച്ച്) 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലി  ക്കുന്നില്ല

2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി: 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതോടൊപ്പമുള്ള സത്യവാങ്മൂലത്തിൽ 50 മൈക്രോണിൽ കുറയാതെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

→ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനും അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

→വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

→ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

→2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ

ഉറപ്പാക്കേണ്ടതാണ്.

3) മറ്റ് ലൈസൻസുകൾ

എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

- കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീ: 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1630 രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4) കെട്ടിട നിർമ്മാണം , ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 91,447 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 27,258 രൂപ  ലഭ്യമായിട്ടുണ്ട്.

എ) സർക്കാരിലേക്കുള്ള റിപ്പോർട്ട് , വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ , ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.
ഒരു സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഈ ഇനത്തിൽ 200 രൂപ വരവുണ്ട്.

6) മറ്റ് വരവുകൾ

എ) ഗ്രാമപഞ്ചായത്തിന്റെ ആമ്പുലൻസിന്റെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന് എം.എൽ.എ അനുവദിച്ച നൽകിയ ആംബുലൻസിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ ആംബുലൻസിന്റെ പരിപാലനം തൃപ്തികരമല്ലെന്ന് കണ്ടെത്തി.

ബി) മിസലേനിയസ്

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 17,160 രൂപയും ലഭ്യമായിട്ടുണ്ട്.

ഭൂമി, കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

നികുതിയേതര വരവ് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.19/13-9-2023 ന് മറുപടി ലഭ്യമായില്ല)

1-15-1 ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 249 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 13 വാർഡുകളിലായി 771 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല . ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.
അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസില്ലാതെ തിയേറ്ററുകൾ പ്രവർത്തിക്കുന്നു

1988 ലെ കേരള സിനിമാസ്(റഗുലേഷൻ) ചട്ടങ്ങൾ പ്രകാരം സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള പെർമിറ്റ്, സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ്, പുതുക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 19(2) പ്രകാരം സിനിമാ പ്രദർശനത്തിനുള്ള ഒരു വർഷത്തെ ലൈസൻസ് ഫീ/പുതുക്കുന്നതിനുള്ള ഫീസ് 1000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഗൗരി മൂവീസ് സ്ക്രീൻ I, ഗൗരി മൂവീസ് സ്ക്രീൻ IIഎന്നീ 2 തിയേറ്ററുകളാണ് നിലവിലുള്ളത്. എന്നാൽ തിയേറ്ററുകളുടെ സിനിമാട്ടോഗ്രാഫി ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ നിന്നും അവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

1220100912/03.08.2023 നമ്പർ രസീതി മുഖേന 1000/- രൂപ അടവാക്കി ഗൗരി മൂവീസ് സ്ക്രീൻ I ന്റെ സിനിമാട്ടോഗ്രഫി ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ രേഖകൾ അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയില്ലെന്ന കാരണത്താൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന് ഫയൽ പരിശോധിച്ച് ബോധ്യപ്പെട്ടു.

ലൈസൻസ് പുതുക്കുന്നതിനുള്ള തുക തനത് ഫണ്ടിലേയ്ക്ക് വരവ് വച്ചിട്ടുണ്ടെങ്കിലും 140110104 Licence Fees Under Kerala Cinema Regulation Act എന്ന ഹെഡ്ഡിന് പകരം 431300101 Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Current) എന്ന ഹെഡ്ഡിലാണ് വരവ് വച്ചിട്ടുള്ളത്.

വിനോദ നികുതി ഈടാക്കിയ രേഖകൾ, രജിസ്റ്റർ എന്നിവ പ്രകാരം രണ്ട് സ്ക്രീനുകളിലും നിലവിൽ സിനിമകൾ പ്രദർശിപ്പിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. രണ്ട് സ്ക്രീനുകളും 2022-23 വർഷത്തിലും നിലവിലും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന തിയറ്ററുകൾക്കെതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 12/11-9-2023 ന് മറുപടി ലഭ്യമായില്ല)

## 1-17 ആംബുലൻസിന്റെ പരിപാലനം പഞ്ചായത്ത് ഫണ്ടിന് ബാധ്യത

പാലക്കാട് ജില്ലാ കളക്ടറുടെ 13-5-2022 ലെ ആർ.ഡി 6/417/2022 നമ്പർ നടപടിക്രമം പ്രകാരം എം എൽ എ ഫണ്ടിൽ നിന്നും ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും 1643866 രൂപ ചെലവഴിച്ച് 2022-23 വർഷത്തിൽ ഒരു ആംബുലൻസ് വാങ്ങുകയും ചെയ്തിട്ടുണ്ട്. ചെലവ് വിവരം താഴെ ചേർക്കുന്നു.

1. BRN-22140 65200 48001 37068/26-5-2022- 1643866 രൂപ. (BIMS Allotment)
(വൗച്ചർ നം- 22200213/24-6-22- 1618181 രൂപ - ഫോഴ്സ് മോട്ടോഴ്സ്+ IGST- 25685 രൂപ)
2. വൗച്ചർ നം- 22200109/13-5-22- 21183 രൂപ -ആംബുലൻസ് ഇൻഷുറസ് തുക- ജില്ലാ ഇൻഷുറൻസ് ഓഫീസ് പാലക്കാട്.
3. വൗച്ചർ നം- 22200119/24-5-22- 1535 രൂപ-ഡോക്യുമെന്റേഷൻ ചാർജ്ജസ്-
(രാധിയാ മോട്ടോഴ്സ്, കുട്ടുപാത ഇൻവോയ്സ് നം RMP 22004/18-5-22- 1535 രൂപ)

തുക അനുവദിച്ചു കൊണ്ടുള്ള ജില്ലാ കളക്ടറുടെ നടപടിക്രമത്തിൽ വാഹനത്തിനു വേണ്ടി വരുന്ന ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൻവർഷം 102699 രൂപയാണ് ആംബുലൻസ് ഓടിയ വകയിലുള്ള വരവ്. വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി രശീതി ബുക്ക്, കളക്ഷൻ രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വാടക വരവ് ഒടുക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട് എന്ന് വ്യക്തമായി.

2022 സെപ്റ്റംബർ 1 മുതലാണ് ആംബുലൻസ് ഓടിത്തുടങ്ങിയത്. 1-9-2022 മുതൽ 31-3-23 വരെയുള്ള കാലയളവിൽ 96 ട്രിപ്പുകൾക്കായി 102699 രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള വരവ്. ഈ കാലയളവിൽ 11 തവണ മാത്രമാണ് തുക ഒടുക്കിയിട്ടുള്ളത്.

| ക്രമ നം. | രശീതി നം/തിയതി | അടവാക്കിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 1220102192/16-11-22 | 12960 | കുറേ ദിവസങ്ങളിലെ കളക്ഷൻ ഒരുമിച്ച് അടവാക്കുകയാണ് ചെയ്തിരിക്കുന്നത്. 31-3-2023 വരെയുള്ള സമയത്തിൽ 146300 |
| 2 | 1220102193/16-11-22 | 855 | |
| 3 | 1220102192/16-11-22 | 3420 | |
| 4 | 1220102224/21-11-22 | 720 | |
| 5 | 1220102547/26-12-22 | 47745 | |

| | | | |
|---|---|---|---|
| | | | കളക്ഷൻ ഉണ്ടെങ്കിലും (രശീതി ബുക്ക്, കളക്ഷൻ രജിസ്റ്റർ പ്രകാരം) Rs.43601 രൂപ കുറവായാണ് ഒടുക്കിയിട്ടുള്ളത്. തുക സാമ്പത്തിക വർഷം കഴിഞ്ഞാണ് ഒടുക്കിയിട്ടുള്ളത്. |
| 6 | 1220102548/26-12-22 | 18608 | |
| 7 | 1220102624/29-12-22 | 1215 | |
| 8 | 1220102571/28-12-22 | 1800 | |
| 9 | 1220104177/28-02-23 | 938 | |
| 10 | 1220104197/1-3-2023 | 4259 | |
| 11 | 1220104665/22-3-2023 | 10179 | |

ആംബുലൻസിന്റെ വാടക തുകയേക്കാളും അധികമാണ് വാഹന പരിപാലത്തിനുള്ള ചെലവ്. ഇന്ധനം, ഡ്രൈവറുടെ വേതനം എന്നിവയ്ക്കായി 126371 രൂപ ചെലവുണ്ട്. ആംബുലൻസിന്റെ പരിപാലനം പഞ്ചായത്ത് ഫണ്ടിന് ബാധ്യത സൃഷ്ടിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു.

ഡ്രൈവർക്ക് പ്രതിമാസം 10000 രൂപ ശമ്പളവും, ലഭിച്ച വാടകയുടെ 10% തുക ബത്തയും നല്കിയിട്ടുണ്ട്. വാഹനത്തിന്റെ വാടക നിരക്ക് നിശ്ചയിച്ചതിന്റെ ഭരണസമിതി തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പിരിച്ചെടുത്ത തുക അടവാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി 8/8-9-2023 നല്കിയതിനുള്ള മറുപടിയിൽ തുക യഥാസമയം അടവാക്കാത്തതിന് ആംബുലൻസ് ഡ്രൈവറെ നിരവധി തവണ താക്കീത് ചെയ്തിട്ടുണ്ടെന്നും, നിലവിൽ പുതിയ ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ് എന്നും വാഹനം എച്ച്.എം.സി ക്ക് കൈമാറുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുമ്പോൾ സ.ഉ(സാധാ)ന.769/ 2023/LSGD തിയതി 30-3-2023 ലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന് ബാധ്യത വരാത്ത രീതിയിൽ ആംബുലൻസിന്റെ പരിപാലനം ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-18 ഊട്ടറ വാതക ശ്മശാനം - ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഊട്ടറയിലെ വാതക ശ്മശാനം നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തിയത് അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനത്തിനെയാണ്.
എഗ്രിമെന്റ് നം. 13/30-7-2020

പ്രധാന എഗ്രിമെന്റ് വ്യവസ്ഥകൾ

വ്യവസ്ഥ-1 പ്രകാരം പ്രവൃത്തി 'Cost And Energy Effective Materials And Techniques' ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തുക കണക്കാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്.

വ്യവസ്ഥയിലെ ക്രമ നം. 11 പ്രകാരം എഗ്രിമെന്റ് തിയതി മുതൽ ആറു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. വ്യവസ്ഥിലെ ക്രമ നം. 12 ൽ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിൽ കാലതാമസം ഉണ്ടായാൽ നിലവിലുള്ള PWD ചട്ടങ്ങൾ പ്രകാരം പിഴ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 09-01-2021 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 207/21 (102/22, 73/23)-ഊട്ടറ ശ്മശാനം സ്ഥാപിക്കൽ
അടങ്കൽ - 65 ലക്ഷം
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 45 ലക്ഷം
ബ്ലോക്ക് പഞ്ചായത്ത് - 20 ലക്ഷം

2020-21 വർഷത്തിൽ മുൻകൂറായി 20% തുകയായ 13 ലക്ഷം രൂപ(ബ്ലോക്ക് ഷെയർ) അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായ 15% തുക 975000 രൂപയും (സി.എഫ്.സി) അനുവദിച്ചിട്ടുണ്ട്.

2021-22 വരെ 22.75 ലക്ഷം രൂപ കോസ്റ്റ്ഫോർഡിന്റെ അക്കൗണ്ടിലേക്ക് (നം. 57069687503) കൈമാറിയിട്ടുണ്ട്.

തൻവർഷത്തെ ചെലവ് - 3197000 രൂപയാണ്. (CFC-ബിൽ നം. 37/27-10-2023 -Rs.926791,
48/19-11-2022 – Rs.975000, ബിൽ നം. 68/28-3-23 – 588247,
72/29-3-2023 – 706962)

ബിൽ നം. 48/19-11-2022 പ്രകാരം നൽകിയ Rs.975000 രൂപ പൂർണ്ണമായും കോസ്റ്റ് ഫോർഡിന് അനുവദിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള കുറവുകൾ (GST, IT, KCWWF) നടത്താതെയാണ് ബിൽ തുക അനുവദിച്ചിട്ടുള്ളത്. മുൻ വർഷം അനുവദിച്ച 2275000 രൂപയുടെ ബില്ലുകളിൽ നിന്നും നിയമാനുസൃത കുറവുകൾ നടത്തിയിട്ടില്ലെന്ന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ. നം. 1-18 ലും വ്യക്തമാക്കിയിട്ടുണ്ട്.

നാളിതുവരെ 5472000 രൂപയാണ് ശ്മശാന നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളത്.

ആറുമാസത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനുശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. തുടർന്നുള്ള പ്രവൃത്തിനിർവ്വഹണം ചട്ടപ്രകാരവുമല്ല.

ആറുമാസത്തെ കാലാവധിയുള്ള പ്രവൃത്തിയുടെ കാലാവധി രണ്ടു തവണകളായി ദീർഘിപ്പിച്ച് നൽകുന്നതിനും പരമാവധി മൂന്നും മാസം വരെ ദീർഘിപ്പിക്കുന്നതിനുമാണ് വ്യവസ്ഥയുള്ളതെങ്കിലും മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല.

30-09-2022 ന് ഒപ്പു വെച്ച സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ കാലാവധി 31-12-2022 വരെയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റുള്ള വ്യവസ്ഥകളെല്ലാം ആദ്യ എഗ്രിമെന്റ് പ്രകാരം ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കാലാവധിക്കുശേഷവം പുതിയ എഗ്രിമെന്റ് ചമച്ചിട്ടില്ല.
എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ടിയിരുന്ന പിഴ – (PAC) 5794538 X 3/100 - 150000 രൂപ (പരിമിതപ്പെടുത്തിയത്)
എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെ പ്രവൃത്തി തുടരുവാൻ അനുവദിച്ചത് ക്രമപ്രകാരമല്ല.
ബില്ലുകളിൽ നിന്നും നിയമാനുസൃത കുറവുകൾ നടത്താതിരുന്നതിന്റെ കാരണം, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ ആരാഞ്ഞുകൊണ്ടുള്ള എൻക്വയറി നം. 5/8-9-2023 ന് വാതക ശ്മശാന നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കുന്ന സമയത്ത് നിശ്ചിത നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

► പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കുവാൻ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതാണ്.

► ഊട്ടറയിലെ വാതക ശ്മശാനം നിർമാണം പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ കാലതാമസം വന്നതിനുള്ള പിഴയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

▸പല ബില്ലുകളിൽ നിന്നും നിയമാനുസൃത കുറവുകൾ നടത്തുവാൻ വിട്ടുപോയിട്ടുണ്ട്. സ്ഥാപനം കൈപ്പറ്റിയ എല്ലാ തുകയും നിയമാനുസൃത നികുതികൾ ഒടുക്കിയെന്ന് ഉറപ്പാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ഫണ്ട് | അടങ്കൽ രൂപ | ചെലവ് രൂപ | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 164/23- വിവിധ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | CFC | 62949 | 62949 XVFC/ 2022-23/ P/23 - 06/02/2023 | KSEB |
| 2 | 5/23-പൂന്തോണി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | CFC | 7051 | 7051 XVFC/ 2022-23/ P/15 03/10/2022 | KSEB |
| 3 | 147/23- പൂവരഞ്ഞി വാട്ടയാർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | CFC | 52000 | 52000 ബിൽ നം 43/19-11-22 | KWA. |
| 4 | 138/23-കൊല്ലംപൊറ്റ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്-SCP | 156964 | 156964 ബിൽ നം 36/27-10-22 | KSEB |
| 5 | 162/23-വിവിധ പൈപ്പ്ലൈൻ നീട്ടൽ പദ്ധതികളുടെ തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കൽ | CFC | 950000 | 950000 XVFC/ 2022-23/ P/21 06/02/2023 | KWA |
| 6 | 175/23-കേരള വാട്ടർ അതോറിറ്റിയിക്ക് ഡെപ്പോസിറ്റ് പ്രവർത്തിയുടെ ബാക്കി തുക അടവാക്കൽ | CFC | 304200 | 304200 XVFC/ 2022-23/ P/22 06/02/2023 | KWA |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/11-9-2023 ന് മറുപടി ലഭ്യമായില്ല)

## 1-20 എസ് എസ് കെ - ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രോജക്ട് | ഫണ്ട് | അടങ്കൽ രൂപ | ചെലവ് രൂപ | സ്ഥാപനം |
|---|---|---|---|---|
| 10/33-എസ്.എസ്.എ. വിഹിതം | CFC | 250000 | 250000 XVFC/2022-23/P/13 16/09/2022 | ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ, എസ് എസ് കെ |

മേൽ സൂചിപ്പിച്ച പ്രകാരം എസ് എസ് കെ-യ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 13/11-9-2023 ന് മറുപടി ലഭ്യമായില്ല)

## 1-21 സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രോജക്ട് | ഫണ്ട് | അടങ്കൽ രൂപ | ചെലവ് രൂപ | സ്ഥാപനം |
|---|---|---|---|---|
| 151/23-പി എം എ വൈ വിഹിതം നല്കൽ | വികസന ഫണ്ട് | 275000 (വികസന ഫണ്ട്-ജനറൽ-200000+ വികസന ഫണ്ട്-SCP-75000) | 1. ബിൽ നം 47/19-11-22 -200000 (General) 2. 46/19-11-22 -75000(SCP) | കൊല്ലങ്കോട് ബ്ളോക്ക് പഞ്ചായത്ത് |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലേക്ക് പ്രോജക്ടിനായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ഇക്കാര്യത്തിനായി നല്കിയ എൻക്വയറിയ്ക്ക് (13/11-09-2023 ) മറുപടി ലഭ്യമായില്ല

## 1-22 എ.ബി.സി പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ജില്ലാ പഞ്ചായത്തിന്റേയും മൃഗസംരക്ഷണ വകുപ്പിന്റേയും നേതൃത്വത്തിൽ നടപ്പാക്കുന്ന എ.ബി.സി പദ്ധതിക്കായി 2022-23 വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

| പ്രോജക്ട് | ഫണ്ട് | അടങ്കൽ രൂപ | ചെലവ് രൂപ | സ്ഥാപനം |
|---|---|---|---|---|
| 114/23-എ ബി സി പദ്ധതിയ്ക്ക് വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതം | വികസന ഫണ്ട് | 406000 (വികസന ഫണ്ട്-ജനറൽ-156000+CFC-250000) | 156000 ബിൽ നം 52/19-11-22 (വികസന ഫണ്ട്-ജനറൽ) | പാലക്കാട് ജില്ലാ പഞ്ചായത്ത് |

ജില്ലാപഞ്ചായത്തിലേക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം. 13/11-09-2023 നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-23 കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ

വടവന്നൂർ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയുടെയും ബൾക്ക് മീറ്റർ മുഖേനയുള്ള കുടിവെള്ള വിതരണത്തിന്റെയും പൊതുടാപ്പുകൾ മുഖേനയുള്ള കുടിവെള്ള വിതരണത്തിന്റെയും

കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തലുകൾ താഴെ ചേർക്കുന്നു.

1. കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ചമ്പക്കുളം കുടിവെള്ള പദ്ധതിയിൽ 46 ഗുണഭോക്താക്കളാണുള്ളത്. വെള്ളക്കരമായി 13600 രൂപയാണ് വരവുള്ളത്. 55200 രൂപയാണ് തൻവർഷ ഡിമാന്റ്. തൻവർഷത്തെ കുടിശ്ശിക 41600 രൂപയാണ്. മുൻവർഷങ്ങളിലെ കുടിശ്ശിക 390875 രൂപയുമാണ്. കുടിശ്ശികയുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല.

ചെലവ് വിവരം

വൈദ്യുതി ചാർജ്ജിനത്തിൽ 13588 രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനം ഇനത്തിൽ 36000 രൂപയും ഉൾപ്പെടെ തൻവർഷം 49588/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

കുടിവെള്ള പദ്ധതി നാളിതുവരെ ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടില്ല.

2. ബൾക്ക് മീറ്റർ മുഖേനയുള്ള കുടിവെള്ള വിതരണം

ബൾക്ക് മീറ്റർ കണക്ഷൻ മുഖേനയുള്ള കുടിവെള്ള വിതരണത്തിനായി ഗ്രാമഞ്ചായത്ത് 175597 രൂപ വാട്ടർ അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. കാവളൻകോട് കുടിവെള്ള പദ്ധതിയുടെ ലൈനിലേക്കാണ് ബൾക്ക് മീറ്റർ മുഖേന കുടിവെള്ളം വിതരണം ചെയ്യുന്നത്.

നിലവിൽ കുടിവെള്ള സൗകര്യം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായെങ്കിലും ബൾക്ക് മീറ്റർ മുഖേനയുള്ള കുടിവെള്ള വിതരണം നിർത്തലാക്കുന്നത് പരിഗണിച്ചിട്ടില്ല.

3. പൊതുടാപ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ 148 പൊതുടാപ്പുകൾ നിലവിലുണ്ട്. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 864000 രൂപ മെയിന്റൻസ് ഗ്രാന്റിൽ നിന്നും 100864 രൂപ രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്.

മാർച്ച് 2023 ലെ ഡിമാന്റ് നോട്ടീസ് അനുസരിച്ച് ടാപ്പൊന്നിന് 14599.12 രൂപയാണ് ഡിമാന്റ്.

ഓഡിറ്റ് നിർദ്ദേശം

1. ചമ്പക്കുളം കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. മുൻവർഷങ്ങളിലെ കുടിശ്ശികയുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക ഈടാക്കേണ്ടതാണ്.

3. ബൾക്ക് മീറ്റർ മുഖേനയുള്ള കുടിവെള്ള വിതരണം നിർത്തലാക്കുന്നത് പരിഗണിക്കേണ്ടതാണ്.

4. പൊതു ടാപ്പുകളുടെ വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

5. സ.ഉ(കൈ)നം.90/23/എൽ.എസ്.ജി.ഡി തീയതി 09.04.23 ലെ ഖ 2.7 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിനുള്ള പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം, കുടിവെള്ളപദ്ധതികൾ എന്നിവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഭാവിയിൽ ചെലവ് നിർവ്വഹിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാലും വെള്ളക്കരം പിരിച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലും വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

ഈ വിഷയത്തിൽ അഭിപ്രായം അറിയിക്കണമെന്നറിയിച്ച് എൻക്വയറി നം 18/12-9-2023 നല്കിയതിന്

മറുപടി ലഭ്യമായില്ല.

1-24 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതലകളുടെ നിർവഹണത്തിനായി നടത്തിയ ചെലവുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം താഴെ ചേർക്കുന്നു.

2022-23 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ അടവാക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ രൂപ | ചെലവ് രൂപ |
|---|---|---|---|
| 1 | 103/23- കുടിവെള്ള പദ്ധതികളുടെ വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവ അടവാക്കൽ | 864000 | 864000<br>1.ബിൽ നം-25/25-8-2022 -71385<br>2.ബിൽ നം-27/25-8-2022 -284180<br>3.ബിൽ നം-34/27-9-2022 -71385<br>4.ബിൽ നം-35/27-10-2022 -71385<br>5.ബിൽ നം-55/19-11-2022 -144198<br>6.ബിൽ നം-58/27-1-2023-71385<br>7.ബിൽ നം-60/20-2-2023-71385<br>8.ബിൽ നം-73/29-3-2023-78697 |
| 2 | 106/23-തെരുവു വിളക്കുകളുടെ വൈദ്യുതി ബിൽ അടവാക്കൽ | 700000 | 638104<br>1. ബിൽ നം-28/26-8-2022 -197106<br>2. ബിൽ നം-29/26-8-2022 -61183<br>3. ബിൽ നം-45/19-11-2022 -220658<br>3. ബിൽ നം-59/27-1-2023 -159157 |

മരുന്ന് വാങ്ങലിനായി 910000 രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽ പട്ടിക പ്രകാരമുള്ള ചെലവും മരുന്ന് വാങ്ങലിനായി ചെലവഴിച്ച തുകയും ഉൾപ്പെടെ 2412104 രൂപ ചെലവഴിച്ചിട്ടുണ്ട്.

22-23 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ അലോ ട്ട്മെന്റ്

| ഇനം | അലോട്ട്മെന്റ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12706000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4570000 |
| ആകെ | 17276000 |

മെയിന്റനൻസ് ഗ്രാന്റിന്റെ 10% - 1727600 രൂപ

മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, മരുന്ന് മുതലായ ആവശ്യങ്ങൾക്കായി 2412104 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ആകെ അലോട്ട്മെന്റിന്റെ 10% മാത്രമാണ് ചെലവഴിക്കാവുന്നത്. 684504 രൂപ അനുവദനീയമായതിലും അധികമായി ചെലവഴിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിനെക്കുറിച്ച് എൻക്വയറി(18/12-9-2023) നല്കിയതിന്

മറുപടി ലഭ്യമായില്ല.

സ.ഉ(കൈ)നം.90/23/എൽ.എസ്.ജി.ഡി തീയതി 09.04.23 ലെ ഖ 2.7 പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം, കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് എന്നിവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ഈ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-25 ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

വടവന്നൂർഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 01-12-2021 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ബൈലോ

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ബൈലോ ഭരണസമിതിയുടെ 30-7-2021 ലെ 3(1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വീടുകളുടെയും കടകളുടെയും എണ്ണം

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ 4175 വീടുകളും 159 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. വീടുകൾക്ക് 50 രൂപയും, കടകൾക്കും 100 രൂപയുമാണ് യൂസർ ഫീ പിരിക്കുന്നത്.

യൂസർ ഫീ

എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 13 വാർഡുകളിലായി 26 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. ശരാശരി 150000 രൂപ മാത്രമാണ് യൂസർഫീ ഇനത്തിൽ ലഭ്യമാകുന്നത്.

ശരാശരി പ്രതിദിനം 200 രൂപയിൽ താഴെ മാത്രമേ പ്രതിഫലം ലഭ്യമാകുന്നുള്ളൂ.

മാലിന്യം സൂക്ഷിക്കുന്നതിനുള്ള സംവിധാനം

ഹരിതകർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം 2022 വർഷം മുതൽ പഞ്ചായത്ത് കോമ്പൗണ്ടിനകത്തെ താൽകാലിക സംവിധാനത്തിലാണ് സൂക്ഷിച്ചു വരുന്നത്. മതിയായ സൗകര്യങ്ങൾ ഉറപ്പാക്കാതെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

എം.സിഎഫ്. നിർമ്മാണം

ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫ് നാളിതുവരെ സജ്ജീകരിച്ചിട്ടില്ല. 2021-22 ൽ എം.സി.എഫ് നിർമാണത്തിനായി 25 ലക്ഷം ( 2000000 രൂപ (കേന്ദ്ര വിഹിതം) + 500000(CFC) വകയിരുത്തിയെങ്കിലും ചെലവ് നടന്നിരുന്നില്ല. 2022-23 വർഷത്തിൽ ഈ പ്രവൃത്തിയ്ക്കായി 21 ലക്ഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടില്ല.

ശേഖരിക്കുന്ന പ്ളാസ്റ്റിക്ക് മാലിന്യത്തിന്റെ വിപണനം

ഓഡിറ്റ് വർഷത്തിൽ ക്ളീൻ കേരള കമ്പനിയ്ക്ക് പ്ളാസ്റ്റിക്ക് മാലിന്യം വിറ്റ വകയിൽ 71653 രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിക്ക് തന്നെയാണ് റിജക്റ്റ് വേസ്റ്റും നല്കിയിരിക്കുന്നത്. ഈയിനത്തിൽ കമ്പനിയ്ക്ക് 60228 രൂപ നൽകുവാനുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഗ്രാമപഞ്ചായത്തിൽ ഇതുവരെയായി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റത്തിനായുള്ള ക്യൂ.ആർ കോഡ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

അക്കൗണ്ട് നീക്കിയിരിപ്പ്

31-3-2023 ൽ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ (നം. 110006469323) 140178 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

► എം സി എഫ് നിർമാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

► യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

► പ്ലാസ്റ്റിക്കിന്റെയും റിജക്റ്റ് വേസ്റ്റിന്റേയും വിപണനം കാര്യക്ഷമമാക്കേണ്ടതാണ്.(എൻക്വയറി നം 14/11-9-2023 ന് മറുപടി ലഭ്യമായില്ല)

1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയിൽ വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

1. തെറ്റായ എഗ്രിമെന്റ് വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചു

2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ച് കരാറുകാരൻ ശ്രീ.അനന്തകൃഷ്ണനുമായി 19-3-2022 ന് കരാർ ചമച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ വാങ്ങലും, സംഭരണവും വിനിയോഗവും നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം 93/2012/ത.സ്വ.ഭ.വ, തിയതി 31-3-2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നതിനുപകരം PWD മാന്വലിലെ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാർ വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2. മെറ്റീരിയൽ പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി .എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2022-23വർഷത്തിൽ മെറ്റീരിയിൽ പ്രവൃത്തികൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.അനന്തകൃഷ്ണൻ, കാരപ്പറമ്പ് എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. (ജി.എസ്.ടി രജിസ്ട്രേഷൻ നം-32AJFPA1651H1ZU). 7 പ്രവൃത്തികളിലായി കരാറുകാരന് ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിൽ GST TDS നടത്തിയിട്ടില്ല. 2022-23 ൽ അനുവദിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക നല്കിയ തിയതി | തുക (രൂപ) |
|---|---|---|---|
| 1 | മഴൂർക്കാവ് മിനി എം സി എഫ് നിർമാണം | 16-7-2022 | 47973 |
| 2 | കാക്കരകളം മിനി എം സി എഫ് നിർമാണം | 27-3-2023 | 32393 |
| 3 | പിലാപ്പുള്ളി മിനി എം സി എഫ് നിർമാണം | 26-7-2022 | 47956 |
| 4 | കല്ലൻചിറ റോഡ് കോൺക്രീറ്റിങ്ങ് | 14-7-2022 | 395060 |
| 5 | നായ്ക്കൻപൊറ്റ റോഡ് നിർമാണം | 15-7-2022 | 373522 |
| 6 | പൊക്കുന്നി ശിവക്ഷേത്രം റോഡ് കോൺക്രീറ്റിങ്ങ് | 31-3-2023 | 155689 |

കരാറുകാരന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിൽ GST TDS നടത്താതിരുന്നതിനും, തെറ്റായ എഗ്രിമെന്റ് വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചതിന്റെയും കാരണം വ്യക്തമാക്കണമെന്നറിയിച്ച് എൻക്വയറി (നം.20/13-9-2023) നല്കിയതിന് മറുപടി ലഭിച്ചില്ല.

കരാറുകാരന് തുക അനുവദിക്കുന്നതിനു മുൻപായി GST രജിസ്ട്രേഷൻ നമ്പറിന്റെ ആധികാരികത ഉറപ്പാക്കിയിട്ടില്ല. കരാറുകാരന്റെ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം GST നമ്പർ 32AJFPA1651H1ZV ആണ്. എന്നാൽ കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സിൽ GST നമ്പർ 32AJFPA1651H2ZU ആണ്. GST രജിസ്ട്രേഷൻ നമ്പറിലെ വ്യത്യാസം രേഖകൾ സഹിതം വിശദീകരിച്ചിട്ടില്ല.
അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-27 എസ്.സി വനിതകൾക്കുള്ള വാട്ടർ ടാങ്ക്-വിതരണം പൂർത്തിയായിട്ടില്ല

പ്രോജക്ട് - 165/23, എസ്.സി വനിത കുടുംബനാഥകൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ -771400 (616836- വികസന ഫണ്ട് SCP, 355 തനത് ഫണ്ട്, 154209- ഗുണഭോക്തൃ വിഹിതം)
ചെലവ് - 575849 (വികസന ഫണ്ട് SCP)
ബിൽ നം. - 3/22-03-23 - ₹363832, 4/22-03-23 - ₹180607, 5/23-03-23 - ₹31410

എസ്.സി കുടുംബങ്ങളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം GeM മുഖേന 220 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്.

സ്ഥാപനം - പ്രഭാത് ജനറൽ ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം

| ഇൻവോയ്സ് നം./ തീയതി | വാട്ടർ ടാങ്കുകളുടെ എണ്ണം | തുക | സ്ഥാപനത്തിന് നൽകിയ തുക |
|---|---|---|---|
| 001438/06-03-23 | 139 | 485110 | 363832 |
| 001439/09-03-23 | 69 | 240810 | 180607 |
| 001447/16-03-23 | 12 | 41880 | 31410 |
| ആകെ | 220 | 767800 | 575849 |

ടാങ്ക് ഒന്നിന് 3490 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ആയതിൽ 75% (2617 രൂപ) സബ്സിഡിയും 25% (873 രൂപ) ഗുണഭോക്തൃ വിഹിതവുമാണ്. 220 വാട്ടർ ടാങ്കുകളുടെ ആകെ തുകയായ 767800 രൂപയിൽ 75% സബ്സിഡി തുകയായ 575849 രൂപ മാത്രമാണ് തൻവർഷം സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 215 വാട്ടർ ടാങ്കുകൾ മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.
ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയും സ്ഥാപനത്തിലേക്ക് അടച്ചതിന്റെയും വിവരം, ബാക്കിയുള്ള 5 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.6/11-09-23 നുള്ള മറുപടിയിൽ വിതരണം ചെയ്യാൻ

അവശേഷിക്കുന്ന 5 ടാങ്കുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണെന്നും ടാങ്ക് കൈപ്പറ്റിയ 215 പേരുടെ ഗുണഭോക്തൃ വിഹിതമായ 187695 രൂപ ഈടാക്കിയതായും ആയതിൽ 166326 രൂപ നിലവിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും ബാക്കി തുക ഉടൻ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബാക്കിയുള്ള 5 പേരുടെ ഗുണഭോക്തൃ വിഹിതം ഈടാക്കി വാട്ടർടാങ്കുകൾ അടിയന്തിരമായി വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടാങ്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 5 വാട്ടർ ടാങ്കുകളുടെ വിലയായ 17450 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വൃദ്ധജനങ്ങൾക്കായി വാങ്ങിയ മുഴുവൻ കട്ടിലുകളും വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് - 90/23, വൃദ്ധർക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ - ₹304500 (വികസന ഫണ്ട് -SCP)
ചെലവ് - ₹266600
ബിൽ നം. 6/23-03-2023

ഗ്രാമപഞ്ചായത്തിലെ 60 വയസ്സ് തികഞ്ഞ ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 4300 രൂപ നിരക്കിൽ 62 കട്ടിലുകൾ ആർട്ട്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

ഇൻവോയ്സ് നം. PKD 437/17-03-23 .

വിതരണ രജിസ്റ്ററിൽ 50 പേർക്ക് കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തൽ മാത്രമാണുള്ളത്. 12 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകളില്ല. ശേഷിക്കുന്ന 12 കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.6/11-09-23) മറുപടിയിൽ ഗുണഭോക്താക്കളിൽ 8 പേർ അനർഹരാണെന്ന് കണ്ടെത്തിയതിനാലും (60 വയസ്സ് പൂർത്തിയാകാത്തവർ-5, മരണപ്പെട്ടവർ - 1, മുൻപ് ആനുകൂല്യം ലഭിച്ചവർ- 2) മറ്റുള്ള നാല് പേർ കട്ടിൽ കൈപ്പറ്റാത്തതിനാലും ആണ് വിതരണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി കട്ടിലുകൾ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വിതരണം ചെയ്യാതെ അവശേഷിക്കുന്ന 12 കട്ടിലുകൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതുവരെ കട്ടിലുകളുടെ വിലയായ 51600 രൂപ (12x4300) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 25/23 | ലൈഫ് മിഷൻ ഭവനം-ഫണ്ട് ജനറൽ | 22600000 (1000000-വികസന ഫണ്ട് ജനറൽ, 4200000-സംസ്ഥാനാവിഷ്കൃതം, 1000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1647200-ജില്ലാ പഞ്ചായത്ത് വിഹിതം, 14752800-KURDFC ലോൺ) | 1245000 (625000-വികസന ഫണ്ട് ജനറൽ, 100000-സംസ്ഥാനാവിഷ്കൃതം, 470000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 50000-KURDFC ലോൺ) |

| | | | |
|---|---|---|---|
| 65/23 | ലൈഫ് മിഷൻ ഭവനം- ഫണ്ട് എസ്.സി.പി | 27909347 (850000- വികസന ഫണ്ട് ജനറൽ , 3412147- വികസന ഫണ്ട് SCP, 5000000- സംസ്ഥാനാവിഷ്കൃതം, 2000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1647200- ജില്ലാ പഞ്ചായത്ത് വിഹിതം, 15000000- KURDFC ലോൺ) | 6682663 (271663- വികസന ഫണ്ട് ജനറൽ , 3411000- വികസന ഫണ്ട് SCP, 1000000- സംസ്ഥാനാവിഷ്കൃതം, 2000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

രേഖകൾ പരിശോധിച്ചതിൽ എസ്.സി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട് 2021-22 ൽ ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | സുമതി.എ, W/o നാരായണൻ, കൊല്ലംപൊറ്റ, വടവന്നൂർ | 2021-22 | 340000 | 27-10-2021 |
| 2 | മുകേഷ്.പി, S/o പുതുക്കിളി, കൊല്ലംപൊറ്റ, വടവന്നൂർ | 2021-22 | 200000 | 27-10-2021 |
| 3 | ശ്രീദേവി W/o രാധാകൃഷ്ണൻ, രക്കൻചാത്തകുളമ്പ് | 2021-22 | 380000 | 27-10-2021 |
| 4 | വെള്ളക്കുട്ടി, W/o കറുപ്പൻ, കുത്തമ്പാക്കം, വടവന്നൂർ | 2021-22 | 380000 | 17-02-2022 |
| 5 | പാർവ്വതി. എ, W/o പൊന്നു(L), മലയമ്പള്ളം, വടവന്നൂർ | 2021-22 | 340000 | 17-02-2022 |
| 6 | രവി.സി, S/o ചാമി, കുത്തംപാക്ക്, വടവന്നൂർ | 2021-22 | 140000 | 17-02-2022 |
| 7 | ദേവു, W/o മായൻ, പുല്ലുവായ് കുളമ്പ്, വടവന്നൂർ | 2021-22 | 200000 | 17-02-2022 |
| 8 | കൃഷ്ണൻകുട്ടി, S/o രാജൻ, പുല്ലുവായ് കുളമ്പ് | 2021-22 | 300000 | 26-02-2022 |
| 9 | ശ്രീകുമാർ, S/o രാമൻ, കോരോത്ത് പറമ്പ്, വടവന്നൂർ | 2021-22 | 360000 | 05-03-2022 |
| 10 | ലത, W/o രാമകൃഷ്ണൻ, കുത്തംപാക്ക് കോളനി, വടവന്നൂർ | 2021-22 | 340000 | 05-03-2022 |

| | | | | |
|---|---|---|---|---|
| 11 | ഷിലി, W/o രവികുമാർ, കൊല്ലംപൊറ്റ, വടവന്നൂർ | 2021-22 | 120000 | 05-03-2022 |

